LIBRARY ARCHIVES Kerala Legislative Assembly

ഇടുക്കി ജില്ലയിലെ കാളിയാർ എസ്റ്റേറ്റ് പാട്ടത്തിന് നൽകിയ നടപടി

10 [3180] ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിലെ കാളിയാർ എസ്റ്റേറ്റ് പാട്ടത്തിന് നൽകിയത് എന്നാണ്;

(ബി) പാട്ടക്കാലാവധി എന്നാണ് അവസാനിക്കുന്നത്;

(സി) പാട്ടത്തുക എത്രയാണ്;

(ഡി) എത്ര തൊഴിലാളികളാണ് പ്രസ്തുത തോട്ടത്തിൽ ജോലി ചെയ്യുന്നത്;

(ഇ) സർക്കാർ പാട്ടത്തിന് നല്കിയ കാളിയാർ എസ്റ്റേറ്റിന്റെ സ്ഥലം കന്നാര കൃഷിക്ക് (പൈനാപ്പിൾ) സബ്‌ലെറ്റ് ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) ഇല്ലെങ്കിൽ ഇതിനെക്കുറിച്ച് അന്വേഷിച്ച് വിവരം അറിയിക്കുമോ;

(ജി) സർക്കാർ പാട്ടത്തിന് നല്കിയ സ്ഥലം സബ്‌ലെറ്റ് ചെയ്യുവാൻ അധികാരം ഉണ്ടോ; സബ്‌ലെറ്റ് ചെയ്യുന്നതുവഴി പാട്ടക്കരാർ കാലഹരണപ്പെടുമോ;

(എച്ച്) എത്ര വർഷത്തെ പാട്ടത്തുക സർക്കാരിന് കിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ;

(ഐ) സർക്കാർ പാട്ടത്തിന് നല്കിയ കാളിയാർ എസ്റ്റേറ്റും പരിസര പ്രദേശങ്ങളും പാട്ടഹോൾഡറായ എസ്റ്റേറ്റ് ഉടമ മറ്റ് ആർക്കെങ്കിലും സബ്‌ലെറ്റ് ചെയ്തിട്ടുണ്ടോയെന്ന് അന്വേഷിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ ഇടുക്കി ആർ.ഡി.ഒ.-യ്ക്ക് നിർദ്ദേശം നല്കുമോ?

ഉത്തരം

(എ—ജി) വിവരം ശേഖരിച്ചുവരുന്നു.

(എച്ച്) വിവരം ശേഖരിച്ചുവരുന്നു.

(ഐ) റിപ്പോർട്ട് സമർപ്പിക്കുവാൻ ജില്ലാ കളക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.

വരൾച്ച ബാധിത പ്രദേശങ്ങൾ

11 [3181] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2003-2004 വർഷത്തിൽ സംസ്ഥാന സർക്കാർ ഏതെല്ലാം ജില്ലകളെയും, താലൂക്കുകളെയും, വില്ലേജുകളെയും വരൾച്ചബാധിത പ്രദേശങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;